**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 493 05.07.2012 ൽ മറുപടിയ്ക്ക്

## വാഹന വാടക നിശ്ചയിക്കാൻ സ്ഥിരം സംവിധാനം

| ചോദ്യം<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ.എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) പെട്രോൾ/ഡീസൽ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി യാത്രാവാഹനങ്ങളുടെ വാടകനിരക്കിൽ വ്യത്യാസം വരുത്തുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം സർക്കാർ പരിഗണിക്കുന്നുണ്ടോ; | (എ) | പെട്രോൾ,ഡീസൽ, സ്പെയർ പാർട്ട്സ് ലൂബ്രിക്കന്റ്സ് തുടങ്ങിയവയുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി സ്റ്റേജ് കാര്യേജുകളിലെ യാത്രാക്കൂലിയും കോൺട്രാക്ട് വാഹനങ്ങളുടെ വാടക നിരക്കുകളും ഈ മേഖലയിലെ തൊഴിലാളികളുടെ ശമ്പളവും മറ്റു ബത്തകളും നിശ്ചയിക്കുന്ന കാര്യവും കൂടാതെ വിദ്യാർത്ഥികളുടെ സൗജന്യ യാത്ര, മിനിമം ഫെയറിൽ യാത്ര ചെയ്യാവുന്ന ദൂരം, ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിലെ അപാകതകൾ, യാത്രക്കൂലി റൗണ്ട് ചെയ്യൽ, ട്രാൻസ്പോർട്ട് വ്യവസായത്തിന്റെ നിലനില്പ് തുടങ്ങിയ വിഷയങ്ങളും പരിശോധിച്ച് ഉചിതമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ്, ജസ്റ്റിസ് എം.രാമചന്ദ്രൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഓരോ പ്രാവശ്യവും ഇന്ധനവിലവർദ്ധിക്കുമ്പോൾ യാത്രക്കാരും വാഹന ഉടമകളും തമ്മിൽ വാടക സംബന്ധിച്ച തർക്കങ്ങൾ ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) എങ്കിൽ ഇതു പരിഹരിക്കാനുള്ള ഒരു മാർഗ്ഗത്തെക്കുറിച്ച് വാഹനവില, ടാക്സ്, ഇന്ധനവില എന്നിവ കണക്കിലെടുത്ത് വാഹന വാടക നിശ്ചയിക്കാൻ സ്ഥിരമായ ഒരു മാനദണ്ഡം ഉണ്ടാക്കുന്ന കാര്യം ആലോചിക്കുമോ? | (സി) | ജസ്റ്റിസ് എം.രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള നിലവിലുള്ള കമ്മിറ്റിയുടെ പരിഗണനാ വിഷയത്തിൽ ഇക്കാര്യവും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ